# ഫിലിപ്പിയർ

1 ക്രിസ്തുയേശുവിന്റെ ദാസന്മാരായ
പൗലൊസും തിമൊഥെയൊസും,
ഫിലിപ്പിയിൽ ക്രിസ്തുയേശുവിലുള്ള സകല
വിശുദ്ധർക്കും അധ്യക്ഷന്മാർക്കും ശുശ്രൂ
ഷകന്മാർക്കുമായി എഴുതുന്നത്:
2നമ്മുടെ പിതാവായ ദൈവത്തിൽനിന്നും
കർത്താവായ യേശുക്രിസ്തുവിൽനിന്നും നിങ്ങ
ൾക്കു കൃപയും സമാധാനവും ഉണ്ടാകുമാറാകട്ടെ.

*സ്തോത്രാർപ്പണവും പ്രാർത്ഥനയും*

3ഞാൻ നിങ്ങളെ ഓർക്കുമ്പോഴെല്ലാം എന്റെ
ദൈവത്തിനു സ്തോത്രം ചെയ്യുന്നു. 4ആദ്യദി
വസം മുതൽ ഇന്നുവരെയും സുവിശേഷത്തിൽ
നിങ്ങൾക്കുള്ള പങ്കാളിത്തം നിമിത്തം 5എന്റെ
സകല പ്രാർത്ഥനകളിലും ഞാൻ സന്തോഷ
ത്തോടെ നിങ്ങൾക്കെല്ലാവർക്കുംവേണ്ടി അ
പേക്ഷിക്കുന്നു. 6നിങ്ങളിൽ നല്ല പ്രവൃത്തി ആരം
ഭിച്ചവൻ ക്രിസ്തുയേശുവിന്റെ നാൾവരെ
അതു തുടരുമെന്നും പൂർത്തിയാക്കുമെന്നും
ഞാൻ ഉറപ്പായി വിശ്വസിക്കുന്നു.
7എന്റെ ബന്ധനങ്ങളിലും സുവിശേഷത്തി
നുവേണ്ടിയുള്ള പ്രതിവാദത്തിലും സ്ഥിരീ
കരണത്തിലും എന്നോടൊപ്പം ദൈവകൃപയിൽ
പങ്കാളികളായ നിങ്ങളെയെല്ലാം ഞാൻ എന്റെ
ഹൃദയത്തിൽ വഹിച്ചിരിക്കുകയാൽ നിങ്ങളെ
എല്ലാവരെപ്പറ്റിയും അങ്ങനെ ചിന്തിക്കുന്നത് യു
ക്തമാണല്ലോ. 8ക്രിസ്തുയേശുവിന്റെ വാ
ത്സല്യത്തോടെ ഞാൻ നിങ്ങളെയെല്ലാം കാ
ണുവാൻ എത്ര വാഞ്ഛിക്കുന്നു എന്നതിനു
ദൈവംതന്നേ സാക്ഷി.
9നിങ്ങളുടെ സ്നേഹം സകല ജ്ഞാനത്തോ
ടും വിവേകത്തോടുംകൂടെ അധികമധികം വർ
ദ്ധിച്ചുവരട്ടെ. 10അങ്ങനെ നിങ്ങൾ ഉത്തമകാ
ര്യം സ്വീകരിക്കുന്നവരായി, ക്രിസ്തുവിന്റെ
നാളിൽ വിശുദ്ധരും നിഷ്കളങ്കരും
11ദൈവത്തിന്റെ മഹത്ത്വത്തിനും പുകഴ്ച
യ്ക്കുമായി യേശുക്രിസ്തുവിനാലുള്ള നീതി
ഫലങ്ങൾ നിറഞ്ഞവരുമായിത്തീരണമെന്നു
ഞാൻ പ്രാർത്ഥിക്കുന്നു.

*പൗലൊസിന്റെ ബന്ധനം*
*സുവിശേഷാഭിവൃദ്ധിക്ക്*

12ഇപ്പോൾ സഹോദരരേ, എനിക്കു ഭവിച്ചതു
സുവിശേഷത്തിന്റെ അഭിവൃദ്ധിക്കായി
ത്തീർന്നുവെന്നു നിങ്ങൾ അറിയുവാൻ ഞാൻ
ആഗ്രഹിക്കുന്നു. 13ഞാൻ ചങ്ങല ധരിക്കുന്നതു
ക്രിസ്തുനിമിത്തമാണെന്ന് എല്ലാ അകമ്പടി
പ്പട്ടാളത്തിന്റെയും മറ്റുള്ളവരുടെയും ഇടയിൽ
വ്യക്തമായിത്തീർന്നിരിക്കുന്നു. 14എന്റെ
ബന്ധനം നിമിത്തം സഹോദരർ മിക്കവരും
കർത്താവിൽ ധൈര്യംപൂണ്ട് ദൈവവചനം
ഭയംകൂടാതെ, തന്റേടത്തോടെ സംസാരിക്കു
വാൻ തുനിഞ്ഞിരിക്കുന്നു.
15ചിലർ ക്രിസ്തുവിനെ അസൂയയും
മത്സരവുംനിമിത്തവും മറ്റുള്ളവർ സന്മന
സ്സോടെയും പ്രസംഗിക്കുന്നുവെന്നതു വാ
സ്തവംതന്നേ. 16രണ്ടാമത്തെ കൂട്ടർ ഞാൻ സു
വിശേഷത്തിന്റെ പ്രതിവാദത്തിനായി ഇവിടെ
കിടക്കുന്നു എന്നറിഞ്ഞിട്ട് അതു സ്നേഹത്തിൽ
ചെയ്യുന്നു. 17ആദ്യം പറഞ്ഞവരാകട്ടെ,
ആത്മാർത്ഥതയോടെയല്ല, പിന്നെയോ സ്വാർ
ത്ഥതാൽപര്യംമൂലം, കാരാഗൃഹവാസത്തിൽ
എനിക്കു ക്ലേശം വർദ്ധിപ്പിക്കണമെന്ന ചിന്ത
യോടെ അതു ചെയ്യുന്നു. 18എന്നാലെന്ത്? കാ
പട്യത്താലാകട്ടെ, ആത്മാർത്ഥതയാലാകട്ടെ,
ക്രിസ്തു പ്രസംഗിക്കപ്പെടുന്നു എന്നതാണു മു
ഖ്യകാര്യം. അതിൽ ഞാൻ സന്തോഷിക്കുന്നു;
തുടർന്നും സന്തോഷിക്കും.
19എന്തുകൊണ്ടെന്നാൽ എനിക്കു സംഭവി
ച്ചതു നിങ്ങളുടെ പ്രാർത്ഥനയാലും യേശുക്രി
സ്തുവിന്റെ ആത്മാവിന്റെ സഹായത്താലും
എനിക്കു രക്ഷാകാരണമായിത്തീരും[a].
20ഞാൻ ഒരിക്കലും ലജ്ജിതനാവുകയില്ലെന്നും
ജീവിതത്താലാകട്ടെ മരണത്താലാകട്ടെ ക്രി
സ്തു എന്റെ ശരീരത്തിൽ എക്കാലവുമെന്ന
പോലെ ഇപ്പോഴും മഹത്ത്വപ്പെടുവാനിടയാ

*a* 19 അല്ലെങ്കിൽ *വിടുതലിനു കാരണമായിത്തീരും*

കുമെന്നും ഞാൻ പ്രതീക്ഷിക്കയും പ്രത്യാശി
ക്കയും ചെയ്യുന്നു. 21എനിക്കു ജീവിക്കുന്നതു
ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു.
22ഞാൻ തുടർന്നും ശരീരത്തിൽ ജീവി
ക്കുന്നുവെങ്കിൽ അതു ഫലപ്രദമായ
പ്രവർത്തനത്തിനുവേണ്ടിയാണ്. അതിനാൽ
എന്തു തിരഞ്ഞെടുക്കണം എന്ന് എനിക്കറിഞ്ഞു
കൂടാ. 23ഇവ രണ്ടിനാലും ഞാൻ ഞെരുങ്ങുന്നു.
വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരി
പ്പാൻ എനിക്കാഗ്രഹമുണ്ട്; അത് ഏറെ നല്ലത്.
24എന്നാൽ ഞാൻ ശരീരത്തിലിരിക്കേണ്ടതു നി
ങ്ങൾനിമിത്തം അധികം ആവശ്യം. 25ഈ ബോ
ധ്യമുള്ളതിനാൽ ഞാൻ ജീവനോടെയിരി
ക്കുമെന്നും നിങ്ങളുടെ വിശ്വാസത്തിൻെറ അഭി
വൃദ്ധിക്കും സന്തോഷത്തിനുമായി നിങ്ങളോടൊ
പ്പം ഉണ്ടായിരിക്കുമെന്നും ഞാൻ അറിയുന്നു.
26അങ്ങനെ ഞാൻ വീണ്ടും നിങ്ങളോടുകൂടെ
ജീവിക്കുകമൂലം ക്രിസ്തുയേശുവിലുള്ള നി
ങ്ങളുടെ സന്തോഷം ഞാൻനിമിത്തം നിറഞ്ഞു
കവിയുവാൻ ഇടയാകും.

27ഞാൻ അവിടെ വന്നു നിങ്ങളെ കണ്ടാലും,
നിങ്ങളിൽനിന്ന് അകലെയായിരുന്നാലും എതി
രാളികൾമൂലം നിങ്ങൾ ഒന്നിലും ഭയപ്പെടാതെ
ഏകാത്മാവിൽ ഉറച്ചുനിന്ന് ഏകമനസ്സോടെ സു
വിശേഷത്തിൻെറ വിശ്വാസത്തിനുവേണ്ടി പോ
രാടുന്നുവെന്നു ഞാൻ കേൾക്കുവാൻ
ഇടയാകേണ്ടതിനു ക്രിസ്തുവിൻെറ സു
വിശേഷത്തിനു യോഗ്യമാംവണ്ണം മാത്രം നടക്കു
വിൻ. 28അത് അവരുടെ നാശത്തിനും നി
ങ്ങളുടെ രക്ഷയ്ക്കും ഒരടയാളമാണ്; അതു
ദൈവത്തിൽനിന്നുള്ളതും അത്രേ. 29ക്രിസ്തു
വിൽ വിശ്വസിക്കുവാൻ മാത്രമല്ല, അവിടു
ത്തേക്കുവേണ്ടി പീഡനം സഹിപ്പാനും നിങ്ങൾ
ക്കു വരം ലഭിച്ചിരിക്കുന്നു. 30എനിക്കുണ്ടായിരു
ന്നതായി നിങ്ങൾ കണ്ടതും ഇപ്പോഴും കേൾ
ക്കുന്നതുമായ അതേ പോരാട്ടത്തിലൂടെ നിങ്ങ
ളും കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണല്ലോ.

*ക്രിസ്തുവിൻെറ താഴ്മ അനുകരിക്കുവിൻ*

2 ക്രിസ്തുവിൽ നിങ്ങൾക്ക് എന്തെങ്കിലും
പ്രോത്സാഹനമോ, അവിടുത്തെ സ്നേ
ഹത്താലുള്ള എന്തെങ്കിലും ആശ്വാസമോ,
ആത്മാവിലുള്ള എന്തെങ്കിലും കൂട്ടായ്മയോ ഉ
ണ്ടെങ്കിൽ, അല്പമെങ്കിലും ആർദ്രതയോ അനു
കമ്പയോ ഉണ്ടെങ്കിൽ, 2നിങ്ങൾ ഏകഹൃദയവും
ഏകസ്നേഹവും ഉള്ളവരായി, ആത്മാവിലും
ലക്ഷ്യത്തിലും ഏകീഭവിച്ച്, എൻെറ സന്തോ
ഷം സമ്പൂർണ്ണമാക്കുവിൻ. 3സ്വാർത്ഥതാൽ
പര്യത്താലോ വ്യർത്ഥാഭിമാനത്താലോ ഒന്നും
ചെയ്യാതെ താഴ്മയോടെ മറ്റുള്ളവരെ നിങ്ങ
ളെക്കാൾ ശ്രേഷ്ഠരെന്നു കരുതിക്കൊൾവിൻ.
4നിങ്ങളിൽ ഓരോരുത്തരും സ്വന്തതാൽപര്യം
മാത്രമല്ല, മറ്റുള്ളവരുടെ താൽപര്യംകൂടെ അ
ന്വേഷിക്കേണ്ടതാണ്.

5ക്രിസ്തുയേശുവിലുള്ള ഭാവംതന്നേ നിങ്ങളി
ലും ഉണ്ടായിരിക്കട്ടെ.

6അവിടുന്നു ദൈവരൂപത്തിൽ ഇരിക്കെ,
ദൈവത്തോടുള്ള സമത്വം മുറുകെപ്പിടിച്ചുകൊ
ള്ളണം എന്നു ചിന്തിക്കാതെ

7ദാസവേഷം ധരിച്ച് മനുഷ്യ
സാദൃശ്യത്തിലായി തന്നെത്തന്നേ
ശൂന്യനാക്കി, മനുഷ്യാകൃതിയിൽ
കാണപ്പെട്ടു.
8അവിടുന്ന് അങ്ങനെ
തന്നെത്താൻ താഴ്ത്തുകയും മരണ
ത്തോളം,
ക്രൂശിലെ മരണത്തോളംതന്നേ,
അനുസരണമുള്ളവനായിത്തീരുകയും
ചെയ്തു.
9അതിനാൽ ദൈവം
അദ്ദേഹത്തെ ഏറ്റവും അധികം
ഉയർത്തി,
എല്ലാ നാമത്തിനും മേലായ
ഒരു നാമം അവിടുത്തേക്കു നല്കി.
10തന്മൂലം സ്വർഗ്ഗത്തിലും
ഭൂമിയിലും ഭൂമിക്കു കീഴിലും
ഉള്ള എല്ലാ മുഴങ്കാലും
യേശുവിൻെറ നാമത്തിങ്കൽ മടങ്ങുകയും
11എല്ലാനാവും യേശുക്രിസ്തു
കർത്താവ് എന്നു പിതാവായ
ദൈവത്തിൻെറ മഹത്ത്വത്തിനായി
ഏറ്റു പറയുകയും ചെയ്യും.

*ജ്യോതിസ്സുകളെപ്പോലെ പ്രകാശിപ്പിൻ*

12അതുകൊണ്ട് എൻെറ പ്രിയ സ്നേഹിതരേ,
നിങ്ങൾ എല്ലായ്പോഴും അനുസരിച്ചിട്ടുള്ളതു
പോലെ - എൻെറ സാന്നിധ്യത്തിൽമാത്രമല്ല, ഇ
പ്പോൾ അതിലധികമായി എൻെറ അസാന്നി
ധ്യത്തിലും - ഭയത്തോടും വിറയലോടുംകൂടെ
നിങ്ങളുടെ രക്ഷയെ പ്രാവർത്തികമാക്കിക്കൊ
ള്ളുവിൻ. 13തൻെറ പ്രസാദപ്രകാരം ഇച്ഛിക്കു
വാനും പ്രവർത്തിക്കുവാനും ദൈവമാണല്ലോ
നിങ്ങളിൽ വ്യാപരിക്കുന്നത്.

14വക്രവും വഴിപിഴച്ചതുമായ തലമുറയിൽ
നിഷ്കളങ്കരും, നിർമ്മലരും കുറ്റമറ്റവരുമായ
ദൈവമക്കളായിത്തീരേണ്ടതിനു നിങ്ങൾ എല്ലാം
പിറുപിറുപ്പും വാഗ്വാദവുംകൂടാതെ ചെയ്യുവിൻ.
15അവരുടെയിടയിൽ നിങ്ങൾ ജീവൻെറ വചനം
മുറുകെപ്പിടിച്ചുകൊണ്ട്, ലോകത്തിൽ ജ്യോതി
സ്സുകളെപ്പോലെ പ്രകാശിക്കുന്നു. 16അങ്ങനെ
ഞാൻ ഓടിയതും അധ്വാനിച്ചതും വ്യർത്ഥമാ
യിട്ടില്ലെന്നു ക്രിസ്തുവിൻെറ നാളിൽ എനിക്കു

പ്രശംസിക്കുവാൻ ഇടയാകും. 17നിങ്ങളുടെ വി
ശ്വാസമെന്ന യാഗത്തിന്റെയും ശുശ്രൂഷയു
ടെയുംമേൽ ഒരു പാനീയയാഗമായി എന്നെ
ത്തന്നേ അർപ്പിക്കേണ്ടിവന്നാലും ഞാൻ സന്തോ
ഷിക്കും, നിങ്ങളെല്ലാവരോടുംകൂടെ സന്തോഷി
ക്കും. 18അങ്ങനെ, നിങ്ങളും സന്തോഷിക്കുവിൻ
എന്നോടുകൂടെ സന്തോഷിക്കുവിൻ.

*തിമൊഥെയൊസും എപ്പഫ്രൊദിത്തൊസും*

19നിങ്ങളെക്കുറിച്ചുള്ള വിവരങ്ങളറിഞ്ഞ്
ആശ്വസിക്കുന്നതിനുവേണ്ടി വേഗത്തിൽ
തിമൊഥെയൊസിനെ അങ്ങോട്ടയയ്ക്കാമെന്നു
ഞാൻ കർത്താവിൽ ആശിക്കുന്നു. 20നിങ്ങളുടെ
നന്മയ്ക്കായി കരുതുവാൻ തുല്യചിത്തനായി
എനിക്കു വേറെ ആരുമില്ല. 21എന്തെന്നാൽ
യേശുക്രിസ്തുവിന്റെ താൽപര്യമല്ല,
സ്വന്തതാൽപര്യമത്രേ എല്ലാവരും അന്വേഷി
ക്കുന്നത്. 22എന്നാൽ തിമൊഥെയൊസ്, തന്റെ
വിശിഷ്ടസ്വഭാവം തെളിയിച്ചവനാണെന്നു നി
ങ്ങൾക്കറിയാമല്ലോ. സുവിശേഷപ്രവർ
ത്തനത്തിൽ, മകൻ അപ്പനോടുകൂടെയെന്ന
പോലെ, അവൻ എന്നോടൊപ്പം അധ്വാനിച്ചിട്ടു
ണ്ട്. 23എന്റെ കാര്യങ്ങൾ എങ്ങനെയാകുമെന്ന്
അറിവായാലുടൻ അവനെ അങ്ങോട്ടയയ്ക്കു
വാൻ ഞാൻ ആഗ്രഹിക്കുന്നു. 24ഞാനും
വേഗത്തിൽ വരുമെന്നു കർത്താവിൽ പ്രത്യാശി
ക്കുകയും ചെയ്യുന്നു.

25എന്നാൽ എന്റെ സഹോദരനും കൂ
ട്ടുവേലക്കാരനും സഹഭടനുമായ എപ്പഫ്രൊ
ദിത്തൊസിനെ നിങ്ങളുടെ അടുക്കലേക്കു തി
രിച്ചയയ്ക്കേണ്ടത് ആവശ്യമാണെന്നു ഞാൻ
കരുതുന്നു. എന്റെ ആവശ്യങ്ങൾക്കുവേണ്ടി
കരുതുവാൻ നിങ്ങൾ അയച്ച ദൂതനാണല്ലോ
അയാൾ. 26നിങ്ങൾക്കെല്ലാവർക്കുംവേണ്ടി
അയാൾ വാഞ്ഛയോടെ കാത്തിരിക്കുന്നു;
താൻ രോഗിയാണെന്നു നിങ്ങൾ കേട്ടതിനാൽ
വ്യാകുലചിത്തനായിക്കഴിയുകയും ചെയ്യുന്നു.
27വാസ്തവത്തിൽ അയാൾ രോഗിയും
ആസന്നമരണനും ആയിരുന്നു. എന്നാൽ
ദൈവം അയാളോടു കരുണ കാണിച്ചു. അയാ
ളോടുമാത്രമല്ല, എനിക്കു ദുഃഖത്തിനുമേൽ
ദുഃഖം വരാതിരിക്കേണ്ടതിന് എന്നോടും കരു
ണ ചെയ്തു. 28നിങ്ങൾ തമ്മിൽ വീണ്ടും കണ്ടു
സന്തോഷിക്കുവാനും എന്റെ ദുഃഖം കുറയു
വാനുമായി അയാളെ അങ്ങോട്ടയയ്ക്കണ
മെന്നു ഞാൻ വളരെ ആഗ്രഹിക്കുന്നു. 29ഏറ്റവും
സന്തോഷപൂർവ്വം അയാളെ സ്വാഗതം ചെയ്യു
വിൻ. ഇപ്രകാരമുള്ളവരെ ബഹുമാനിക്കുവിൻ.
30എന്തെന്നാൽ ക്രിസ്തുവിന്റെ വേലനി
മിത്തമാണല്ലോ നിങ്ങൾ എനിക്കു നല്കുവാ
നാഗ്രഹിച്ച സഹായം പൂർത്തിയാക്കുന്നതിന്
അയാൾ മരണത്തിന്റെ വക്കോളമെത്തിയത്.

*ജഡത്തിൽ ആശ്രയിക്കുന്നില്ല*

3 ഒടുവിൽ സഹോദരരേ, കർത്താവിൽ
സന്തോഷിക്കുവിൻ. ഈ ഒരു കാര്യംതന്നേ
വീണ്ടും നിങ്ങൾക്കെഴുതുന്നതിൽ എനിക്ക് ഒട്ടും
മടുപ്പില്ല. നിങ്ങളുടെ ഭദ്രതയ്ക്ക് അത് നല്ലതുമാ
ണ്.

2നായ്ക്കളെ സൂക്ഷിക്കുവിൻ; ദുഷ്ടരായ
പ്രവർത്തകരെ സൂക്ഷിക്കുവിൻ. വിച്ഛേദന
ക്കാരെ സൂക്ഷിക്കുവിൻ. 3നാമല്ലോ പരി
ച്ഛേദനക്കാർ, ദൈവത്തെ ആത്മാവിൽ ആരാ
ധിക്കുകയും ക്രിസ്തുയേശുവിൽ പ്രശംസിക്കു
കയും ജഡത്തിൽ ആശ്രയിക്കാതിരിക്കുകയും
ചെയ്യുന്ന നാംതന്നേ. 4എനിക്കോ ജഡത്തിലും
ആശ്രയിക്കുവാൻ വകയുണ്ട്. ജഡത്തിൽ ആ
ശ്രയിക്കാമെന്നു മറ്റാരെങ്കിലും കരുതുന്നു
വെങ്കിൽ എനിക്ക് അതിലധികം: 5എട്ടാംനാളിൽ
പരിച്ഛേദനമേറ്റവൻ; യിസ്രായേൽ വംശജൻ;
ബന്യാമീൻ ഗോത്രക്കാരൻ; എബ്രായരിൽവച്ച്
എബ്രായൻ; ന്യായപ്രമാണം സംബന്ധിച്ചു പരീ
ശൻ; 6തീക്ഷ്ണതയുടെ കാര്യത്തിൽ സഭയെ
ഉപദ്രവിച്ചവൻ; ന്യായപ്രമാണത്തിലുള്ള നീ
തിയെ സംബന്ധിച്ച് അനിന്ദ്യൻ.

7എങ്കിലും എനിക്കു ലാഭമായിരുന്നതെല്ലാം
യേശുക്രിസ്തുവിനുവേണ്ടി ഞാൻ നഷ്ടമായി
കണക്കാക്കുന്നു. 8അതുമാത്രമല്ല, എന്റെ
കർത്താവായ യേശുക്രിസ്തുവിനെപ്പറ്റിയുള്ള
പരമമായ ജ്ഞാനംനിമിത്തം ഞാൻ എല്ലാം
നഷ്ടമെന്നെണ്ണുന്നു. അവിടുത്തേക്കുവേണ്ടി
ഞാൻ സകലവും നഷ്ടമെന്നു കരുതുന്നു.
9ക്രിസ്തുവിനെ നേടുവാനും ന്യായപ്രമാണത്തി
ലൂടെ ലഭിക്കുന്ന എന്റെ സ്വന്തനീതിയല്ല,
ദൈവം വിശ്വസിക്കുന്നവർക്കു നല്കുന്ന നീതി
തന്നേ പ്രാപിച്ചു ക്രിസ്തുവിൽ ആയിരിക്കുവാ
നും, 10ക്രിസ്തുവിനെയും അവിടുത്തെ പു
നരുത്ഥാനത്തിന്റെ ശക്തിയെയും കഷ്ടാനു
ഭവങ്ങളുടെ കൂട്ടായ്മയെയും അനുഭവിച്ചറിഞ്ഞ്
അവിടുത്തെ മരണത്തോട് അനുരൂപപ്പെടുവാ
നും 11അങ്ങനെ ഏതുപ്രകാരവും മരിച്ചവരിൽ
നിന്നുള്ള പുനരുത്ഥാനം പ്രാപിക്കുവാനുമായി
ഞാൻ സകലവും ത്യജിച്ചു ചവറ് എന്നു
എണ്ണുന്നു.

*ലക്ഷ്യത്തിലേക്ക്*

12ഇതെല്ലാം നേടിക്കഴിഞ്ഞുവെന്നോ പരിപൂ
ർണ്ണനായെന്നോ ഞാൻ ചിന്തിക്കുന്നില്ല. ക്രി
സ്തു എന്തിനുവേണ്ടി എന്നെ പിടിച്ചിരി
ക്കുന്നുവോ അതു പിടിക്കാമോ എന്നുവച്ചു
മുന്നോട്ടായുക മാത്രമാണു ഞാൻ ചെയ്യുന്നത്.
13സഹോദരരേ, ഇപ്പോഴും അതു ഞാൻ പിടി

ച്ചുവെന്നു കരുതുന്നില്ല. എന്നാൽ ഒന്നു ഞാൻ
ചെയ്യുന്നു: പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതി
ന് ആഞ്ഞുംകൊണ്ട് 14ദൈവം ക്രിസ്തുയേശു
വിൽ എന്നെ വിളിച്ച സ്വർഗ്ഗീയവിളിയുടെ വിരു
തിനായി ലക്ഷ്യത്തിലേക്ക് ഓടുന്നു.

15നമ്മിൽ പക്വത പ്രാപിച്ചവർക്കെല്ലാം
ഇപ്രകാരമൊരു വീക്ഷണമാണ് ഉണ്ടാകേ
ണ്ടത്. ഏതെങ്കിലും കാര്യത്തിൽ വ്യത്യസ്തമാ
യി നിങ്ങൾ ചിന്തിക്കുന്നുവെങ്കിൽ അതും
ദൈവം നിങ്ങൾക്കു വ്യക്തമാക്കിത്തരും. 16നാം
പ്രാപിച്ചിട്ടുള്ളതിന് അനുസൃതമായി നമുക്കു
ജീവിക്കാം.

17സഹോദരരേ, എന്റെ അനുകാരികളാ
യിത്തീരുവിൻ. ഞങ്ങൾ നിങ്ങൾക്കു കാണിച്ചു
തന്ന മാതൃകയനുസരിച്ചു ജീവിക്കുന്നവരെയും
ശ്രദ്ധിച്ചുകൊള്ളുവിൻ. 18ക്രൂശിന്റെ ശത്രുക്കളാ
യി പലരും നടക്കുന്നുവെന്നു ഞാൻ നിങ്ങളോ
ടു മുമ്പു പറഞ്ഞിട്ടുള്ളതുപോലെ ഇപ്പോൾ
കണ്ണുനീരോടുകൂടെ വീണ്ടും പറയുന്നു.
19അവരുടെ അന്ത്യം നാശം; അവരുടെ ദൈവം
വയറ്; ലജ്ജാകരമായതിൽ അവർ അഭിമാനി
ക്കുന്നു; അവരുടെ മനസ്സു ഭൗമികകാര്യങ്ങളില
ത്രേ. 20എന്നാൽ നമ്മുടെ പൗരത്വമോ സ്വർ
ഗ്ഗത്തിലാകുന്നു. അവിടെനിന്നും കർത്താവായ
യേശുക്രിസ്തു രക്ഷകനായി വരുമെന്നോ
ർത്തു നാം ആകാംക്ഷയോടെ കാത്തിരിക്കുന്നു.
21അവിടുന്നു സകലത്തെയും നിയന്ത്രിക്കുവാൻ
മതിയായ തന്റെ ശക്തിയാൽ നമ്മുടെ താ
ഴ്ചയുള്ള ശരീരത്തെ തന്റെ മഹത്ത്വമുള്ള ശരീ
രത്തിന് അനുരൂപമായി രൂപാന്തരപ്പെടുത്തും.

4 അതുകൊണ്ടു ഞാൻ വാഞ്ഛയോടെ
കാത്തിരിക്കുന്ന എന്റെ പ്രിയസഹോ
ദരരേ, എന്റെ സന്തോഷവും കിരീടവുമായ
എന്റെ പ്രിയപ്പെട്ടവരേ, ഇപ്രകാരം കർത്താവിൽ
നിലനില്ക്കുവിൻ.

*പ്രബോധനങ്ങൾ*

2കർത്താവിൽ ഏകഭാവത്തോടെ ജീവി
ക്കുവാൻ യുവോദ്യയെയും സുന്തുകയെയും
ഞാൻ പ്രബോധിപ്പിക്കുന്നു. 3അതേ, ജീവ
പുസ്തകത്തിൽ പേരുള്ള ക്ളെമന്റിനോടും
എന്റെ മറ്റു കൂട്ടുവേലക്കാരോടുംകൂടെ
സുവിശേഷഘോഷണത്തിൽ എന്നോടൊപ്പം
പോരാടിയ ഈ സ്ത്രീകളെ സഹായിക്കുവാൻ
എന്റെ വിശ്വസ്ത സഹപ്രവർത്തകാ, ഞാൻ
താങ്കളോട് അപേക്ഷിക്കുന്നു.

4കർത്താവിൽ എപ്പോഴും സന്തോഷിക്കു
വിൻ; അതുതന്നേ ഞാൻ വീണ്ടും പറയുന്നു, സ
ന്തോഷിക്കുവിൻ. 5നിങ്ങളുടെ സൗമ്യത
സകലമനുഷ്യരും അറിയട്ടെ. കർത്താവു
അടുത്തായിരിക്കുന്നു. 6ഒന്നിനെക്കുറിച്ചും
വ്യാകുലപ്പെടരുത്. എല്ലാറ്റിലും പ്രാർത്ഥനയാ
ലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ
സ്തോത്രത്തോടുകൂടെ ദൈവത്തിനു സമർപ്പി
ക്കയത്രേ വേണ്ടത്. 7അങ്ങനെയെങ്കിൽ സകല
അറിവിനെയും കവിയുന്ന ദൈവികസമാധാനം
നിങ്ങളുടെ ഹൃദയങ്ങളെയും മനസ്സുകളെയും
ക്രിസ്തുയേശുവിൽ കാത്തുകൊള്ളും.

8ഒടുവിൽ സഹോദരരേ, സത്യമായ
തൊക്കെയും നീതിയായതൊക്കെയും നിർ
മ്മലമായതൊക്കെയും സുന്ദരമായതൊക്കെയും
അഭിനന്ദനാർഹമായതൊക്കെയും അത്യുത്ത
മമോ പ്രശംസാർഹമോ ആയതൊക്കെയും
ചിന്തിച്ചുകൊൾവിൻ. 9എന്നിൽനിന്നു നിങ്ങൾ
പഠിക്കയും കൈക്കൊൾകയും കേൾക്കയും
ചെയ്തതെല്ലാം പ്രയോഗത്തിൽ വരുത്തുവിൻ.
എന്നാൽ സമാധാനത്തിന്റെ ദൈവം നിങ്ങളോ
ടുകൂടെ ഇരിക്കും.

*ദാനങ്ങൾക്കു നന്ദി*

10നിങ്ങൾ എനിക്കുവേണ്ടി വീണ്ടും കരുതൽ
കാണിച്ചതിനാൽ ഞാൻ കർത്താവിൽ ഏറ്റവും
സന്തോഷിക്കുന്നു. വാസ്തവമായും നിങ്ങൾ
കരുതലുള്ളവരായിരുന്നു; എങ്കിലും അതു പ്രദർ
ശിപ്പിക്കുവാൻ നിങ്ങൾക്ക് അവസരം ലഭിച്ചില്ല.
11ബുദ്ധിമുട്ടിലിരിക്കുന്നതുകൊണ്ടല്ല ഞാനിതു
പറയുന്നത്. ഏതു സാഹചര്യത്തിലും സംതൃ
പ്തനായിരിക്കുവാൻ ഞാൻ ശീലിച്ചിരിക്കുന്നു.
12ബുദ്ധിമുട്ടിലിരിക്കുവാനും സമൃദ്ധിയിലിരിക്കു
വാനും എനിക്കറിയാം. ഏതു സാഹചര്യത്തി
ലും എപ്പോഴും തൃപ്തനായിരിക്കുന്നതിന്റെ
രഹസ്യം ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. തിന്നു
തൃപ്തനായിരിപ്പാനും വിശന്നിരിപ്പാനും സമൃ
ദ്ധിയിലിരിപ്പാനും ദാരിദ്ര്യത്തിലിരിപ്പാനും എനി
ക്കു പരിശീലനം ലഭിച്ചിരിക്കുന്നു. 13എന്നെ
ശക്തനാക്കുന്നവൻ മുഖാന്തരം സകലവും
ചെയ്യുവാൻ ഞാൻ പ്രാപ്തനാകുന്നു.

14എങ്കിലും എന്റെ പ്രയാസങ്ങളിൽ നിങ്ങൾ
പങ്കാളികളായിത്തീർന്നതു നല്ലതുതന്നേ.
15മാത്രമല്ല, ഫിലിപ്പിയരേ, നിങ്ങൾക്ക് അറിവു
ള്ളതുപോലെ സുവിശേഷം നിങ്ങൾ ആദ്യമായി
കേട്ട നാളുകളിൽ, ഞാൻ മാസിഡോണിയായിൽ
നിന്നും യാത്ര തിരിക്കുമ്പോൾ, നിങ്ങളൊഴികെ
മറ്റൊരു സഭയും കൊടുക്കൽവാങ്ങലുകളിൽ എ
ന്നോടു പങ്കാളിത്തം കാണിച്ചില്ല. 16ഞാൻ തെസ്സ
ലോനിക്യയിലായിരുന്നപ്പോഴും നിങ്ങൾ എന്റെ
ആവശ്യങ്ങൾക്കായി ഒന്നുരണ്ടു തവണ സഹാ
യം അയച്ചുതന്നു. 17ദാനം ലഭിക്കുവാൻ ഞാൻ
കാത്തിരിക്കുന്നുവെന്നല്ല, പിന്നെയോ നി
ങ്ങളുടെ കണക്കിലേക്കു കൂടുതൽ പ്രതിഫലം
ചേർക്കപ്പെടുവാൻ ആഗ്രഹിക്കുകയാണ്.
18എനിക്കു വേണ്ടതും അതിലധികവും ഇപ്പോ

ഴുണ്ട്. എപ്പഫ്രൊദിത്തൊസിൻെറ പക്കൽ നി
ങ്ങൾ കൊടുത്തയച്ച ദാനങ്ങൾ സ്വീകരിച്ച് ഇ
പ്പോൾ ഞാൻ തൃപ്തനായിരിക്കുന്നു. അവ
ദൈവത്തിനു പ്രസാദവും സൗരഭ്യവാസനയു
മായ വഴിപാടും യാഗവുമായിത്തീർന്നിരി
ക്കുന്നു. 19എൻെറ ദൈവമോ നിങ്ങളുടെ ബു
ദ്ധിമുട്ടൊക്കെയും തൻെറ മഹിമാധനത്തി
നൊത്തവണ്ണം ക്രിസ്തുയേശുവിൽ സമ്പൂ
ർണ്ണമായി തീർത്തുതരും.

20നമ്മുടെ ദൈവവും പിതാവുമായവന്
എന്നെന്നേക്കും മഹത്ത്വം. ആമേൻ.

*അന്തിമാഭിവാദനങ്ങൾ*

21എല്ലാ വിശുദ്ധരെയും ക്രിസ്തുയേശുവിൽ
അഭിവാദനം ചെയ്യുവിൻ. എന്നോടൊപ്പമുള്ള സ
ഹോദരർ നിങ്ങളെ അഭിവാദനം ചെയ്യുന്നു. 22വി
ശുദ്ധർ എല്ലാവരും, വിശിഷ്യ കൈസറുടെ
അരമനയിലുള്ളവരും നിങ്ങൾക്കു വന്ദനം
പറയുന്നു.

23കർത്താവായ യേശുക്രിസ്തുവിൻെറ കൃപ
നിങ്ങളുടെ ആത്മാവോടുകൂടെ ഇരിക്കുമാറാ
കട്ടെ. ആമേൻ.